**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3103** **13-07-2022 - ൽ മറുപടിയ്ക്ക്**

**ജോസഫ് കനകമൊട്ടയുടെ പ്രതിമ സ്ഥാപിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മലയോര ഹൈവേയുടെ ഉപജ്ഞാതാവായി അറിയപ്പെടുന്ന ജോസഫ് കനകമൊട്ടയ്ക്ക് ആദരവായി ഹോസ്ദുർഗ് പാണത്തൂർ റോഡിൽ പതിനെട്ടാം മൈലിൽ പൊതുമരാമത്ത് പുറമ്പോക്ക് ഭൂമിയിൽ അദ്ദേഹത്തിന്റെ പ്രതിമ സ്ഥാപിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) | മലയോര ഹൈവേയുടെ ഉപജ്ഞാതാവായി അറിയപ്പെടുന്ന ജോസഫ് കനകമൊട്ടയ്ക്ക് ആദരസൂചകമായി കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ ഹോസ്ദുർഗ്ഗ്- പാണത്തൂർ സംസ്ഥാന പാതയിൽ മലയോര ഹൈവേയും സംസ്ഥാന പാതയും ചേരുന്ന പതിനെട്ടാം മൈൽ എന്ന സ്ഥലത്ത് പൊതുമരാമത്ത് വകുപ്പ് പുറമ്പോക്ക് ഭൂമിയിൽ ശ്രീ.ജോസഫ് കനകമൊട്ടയുടെ ഒരു പ്രതിമ സ്ഥാപിക്കുന്നതിന് വിവിധ രാഷ്ട്രീയ സാമൂഹിക സംഘടനകളിൽ നിന്നും ജന പ്രതിനിധികളിൽ നിന്നുമുള്ള അപേക്ഷ പൊതുമരാമത്ത് നിരത്തു വിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ലഭിച്ചിട്ടുണ്ട്. അതിന്മേൽ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രതിമ സ്ഥാപിക്കുന്നതിന് സ്ഥലം അനുവദിക്കുന്നതിനുള്ള നടപടികൾ വേഗത്തിലാക്കാമോ? | (ബി) | മലയോര ഹൈവേയുടെ ഉപജ്ഞാതാവായി അറിയപ്പെടുന്ന ജോസഫ് കനകമൊട്ടയ്ക്ക് ആദരസൂചകമായി കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ ഹോസ്ദുർഗ്ഗ്- പാണത്തൂർ സംസ്ഥാന പാതയിൽ മലയോര ഹൈവേയും സംസ്ഥാന പാതയും ചേരുന്ന പതിനെട്ടാം മൈൽ എന്ന സ്ഥലത്ത് പൊതുമരാമത്ത് വകുപ്പ് പുറമ്പോക്ക് ഭൂമിയിൽ ശ്രീ.ജോസഫ് കനകമൊട്ടയുടെ ഒരു പ്രതിമ സ്ഥാപിക്കുന്നതിന് വിവിധ രാഷ്ട്രീയ സാമൂഹിക സംഘടനകളിൽ നിന്നും ജന പ്രതിനിധികളിൽ നിന്നുമുള്ള അപേക്ഷ പൊതുമരാമത്ത് നിരത്തു വിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ലഭിച്ചിട്ടുണ്ട്. അതിന്മേൽ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ